MEDICINE FOR MALARIA—DISTRIBUTION OF

174. Mr. K. Balakrishna Menon *(Cheruthuruthi):* Will Government be pleased to state.—

if free distribution of medicine for curing malaria is still being continued in Manaloor, Parlikad and other villages in the Talappalli Taluk?

Rao Bahadur T. K. Nayar *(Minister for Public Health):*

House to house distribution of Mepacrine pills was carried out till 1st Mithunam 1122. This was discontinued from the above date as the incidence of malaria was negligible and was not expected to rise in the monsoon months of Mithunam and Karkadagam. The isolated cases now found are due to relapses only. Such cases are still getting Mepacrine pills from the Malaria Training Centre at Vadakkancheri.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിൽ മണലൂർ എന്നാണ് സ്ഥലത്തിന്റെ പേര് കാണുന്നത്. ഇത് മ്ണാലൂരാണോ?

റാവു ബഹദൂർ ടി. കെ. നായർ: മ്ണാലൂർ എന്നാണ് ശരിയായപേര്.

PRICE OF SOAPS—INCREASE OF

175. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവ ൺമെണ്ട സദയം മറുപടി പറയുമോ.—

(എ) സോപ്പുതരങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) & (സി) ഉണ്ടെങ്കിൽ അതിനെക്കുറിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) മറ്റു പല സാധനങ്ങൾക്കും വില വർദ്ധിച്ചിട്ടുള്ളതുപോലെ സോപ്പിനും വില വർദ്ധിച്ചതായി ഗവൺമെണ്ടിന്നറിയാം.

(ബി) & (സി) അതു സംബന്ധിച്ചു ഗവൺമെണ്ടു യാതൊരു നടപടിയും എടുത്തിട്ടില്ല; എടുക്കുവാൻ സാധിക്കുമെന്നു തോന്നുന്നുമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: വെളിച്ചെണ്ണമില്ലുകാരെ സഹായിക്കാൻ വേണ്ടിയാണോ, നടപടിയെടുക്കാൻ സാധിയ്ക്കയില്ലാ എന്നു പറയുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു വിചാരമില്ല.

Mr. President: That question does not arise.

മിസ്റ്റർ എം. ഐ. പോൾ: വെളിച്ചെണ്ണവില കുറച്ചുകൊടുക്കണമെന്നു ഗവൺമെണ്ടിന്റെ അടുക്കൽ സോപ്പുകമ്പനിക്കാർ വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ ഗവൺമെണ്ടിന്റെ അടുത്തു് നിവേദനം സമർപ്പിച്ചിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വെളിച്ചെണ്ണയ്ക്ക് വില വർദ്ധിച്ചതുകൊണ്ടാണോ സോപ്പിനു സീമാതീതമായി വില വർദ്ധിച്ചതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണെന്നു തോന്നുന്നില്ല.

മിസ്റ്റർ എം. ഐ. പോൾ: വെളിച്ചെണ്ണയുടെ വില കൺട്രോൾചെയ്തകാലത്തു് സോപ്പിന്റെ വില എന്തായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുകൂടാതെ പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മറ്റു പല സാധനങ്ങൾക്കും വില വർദ്ധിച്ചതുപോലെ സോപ്പിനും വില വർദ്ധിച്ചു എന്നു ഗവൺമെണ്ടു പറയുന്നു. മറ്റുസാധനങ്ങൾക്കു് വില വർദ്ധിക്കുവാൻ എന്താണു് കാരണം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇടയിടെ കുറച്ചുകാലമായി രൂപായുടെ വിലയിടിഞ്ഞു. അപ്പോൾ സാധനങ്ങളുടെ വില കൂടുകയുണ്ടായി.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതുമാത്രമാണോ കാരണം, അതോ, വേറെവല്ലതുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു്, ഒരു കാരണം. പിന്നെ, രൂപായുടെ വിലയിടിഞ്ഞപ്പോൾ കൂലിത്തോതു് വർദ്ധിച്ചിട്ടുണ്ടു്. അതു് വേറൊരു കാരണം.

മിസ്റ്റർ പി. നാരായണമേനോൻ: സോപ്പിന്റെവില കൺട്രോൾചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊച്ചിരാജ്യത്തു് ഉരുത്തിയവിലയ്ക്കു സോപ്പു് വില്ക്കുന്നതിനുവേണ്ടം, വില കണ്ട്രോൾചെയ്യുന്നതിന്നായി സോപ്പുവ്യവസായികളോടു് ഇതിനെപ്പറ്റി ഒരു പദ്ധതിയുണ്ടാക്കാൻ പറഞ്ഞു. അതനുസരിച്ചു് അവർ ഗവണ്മെണ്ടിന്റെ മുമ്പിൽ ഒരു പദ്ധതി സമർപ്പിച്ചു. ഗവണ്മെണ്ടു് അതിനെസംബന്ധിച്ചു് ഒരു തീരുമാനമെടുക്കുന്നതിനുമുമ്പായി വെളിച്ചെണ്ണയുടെ കൺട്രോൾ ഇല്ലാതായി.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നാണയത്തിന്റെ വിലകുറവുമൂലം സാധനങ്ങളുടെ വില കൂടിയെന്നു് പറയുകയുണ്ടായി. എല്ലാ സംഗതിയെ സംബന്ധിച്ചും ഇങ്ങിനെതന്നെയടങ്ങുന്നോ പറയുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പൊതുവേയുള്ള കാര്യമാണു് ഞാൻ പറഞ്ഞതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഓരോ സാധനവും മേടിക്കാൻ ചെല്ലുന്നസമയത്തു് നാണയത്തിന്റെ വിലക്കുറവു് ഒരുപോലെയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധനവില കൂടാനുള്ള ഒരു കാരണമാണിതു്. ഓരോ സാധനങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ Other factors, for example short supply when demand is very very high.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അടുത്തകാലത്തു് ടാറാകമ്പനിയിലെ സോപ്പു് പ്ലാന്റിൽനിന്നു് അനവധി തൊഴിലാളികളെ പിരിച്ചുവിട്ടതുമൂലമല്ലേ സോപ്പിന്റെ സപ്ലൈ കുറഞ്ഞിയതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതും സപ്ലൈ കുറഞ്ഞാൻ ഒരു കാരണമാണു്. എന്നാൽ പ്രധാനകാരണം, സോപ്പുണ്ടാക്കാനുള്ള റോമെറ്റീരിയത്സു് കിട്ടാത്തതാണു്.

Mr. President: We are on the price of soaps.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: On supply and demand also. Sir, ടാറാകമ്പനിയിലെ സോപ്പുണ്ടാക്കുന്ന തൊഴിലാളികളെ പിരിച്ചുവിട്ടതു് ഈ മെറ്റീരിയത്സു് ഇല്ലാത്തതുകൊണ്ടാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അവക്കു് ആവശ്യമായ സാധനങ്ങൾ വരുത്തിക്കൊടുക്കുന്നകാര്യത്തിൽ ഗവണ്മെണ്ടു് ശ്രദ്ധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കാസ്റ്റിക്കുസോഡയാണു് സോപ്പുണ്ടാക്കുവാൻ ഏറ്റവും അത്യാവശ്യമായിട്ടുള്ള സാധനം. അതു കിട്ടുവാനുള്ള സകല പരിശ്രമങ്ങളും ഇന്ത്യാഗവണ്മെണ്ടുപോലും ചെയ്തിട്ടു് നിഷ്ഫലമായിട്ടാണു് ഇരിക്കുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: വെളിച്ചെണ്ണ കൺട്രോൾചെയ്തകാലത്തു്, അതിനെസംബന്ധിച്ചു് ഒരു സ്കീം ഉണ്ടാക്കി ഗവണ്മെണ്ടിനെ എല്പിക്കാൻ വെളിച്ചെണ്ണവ്യാപാരികളോടു് ആവശ്യപ്പെട്ടിരുന്നു. അതുപോലെ സോപ്പു് കൺട്രോൾചെയ്യാൻ ആലോചിച്ചകാലത്തു്, അത്തരത്തിലുള്ള വല്ല സ്കീമും അവരോടു് ആവശ്യപ്പെട്ടിരുന്നോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വെളിച്ചെണ്ണയുടെ വില കൺട്രോൾചെയ്തകാലത്തു് ഉരുത്തിയവിലയ്ക്കു സോപ്പുവിൽക്കുന്നതിനെസംബന്ധിച്ചു് ഒരു സ്കീം ഉണ്ടാക്കണമെന്നു് സോപ്പുവ്യവസായികളോടു് ആവശ്യപ്പെട്ടിരുന്നു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: രൂപായുടെ വിലയിടിവുകൊണ്ടു് സാധനങ്ങൾക്കു് എങ്ങിനേയാണു് വില കൂടുതൽ ഉണ്ടായതു"?

Mr. President: We cannot expound economic theories here during question time unless it is directly related to the point.

LIBRARY ARCHIVES Kerala Legislative Assembly